# കേരളസർവകലാശാല

നം.പി.ആർ.25/2021

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2020 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 09 മുതലും , നാലാം സെമസ്റ്റർ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 22 മുതലും അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ (കോർ–ബയോകെമിസ്ട്രി) ഫെബ്രുവരി 8 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ഫെബ്രുവരി 2020 (സപ്ലിമെന്ററി) പരീക്ഷയുടെ കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിലെ പ്രോഗ്രാമിങ് ലാബ് എന്ന പരീക്ഷ കാര്യവട്ടത്തുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചു ഫെബ്രുവരി 09 നു നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷഫലം

കേരളസർവകലാശാല 2020 ജനുവരി മാസത്തിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (എസ്.ഡി.ഇ, 2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ അപേക്ഷിക്കാം.

കേരളസർവകലാശാല 2020 സെപ്റ്റംബർ മാസം നടത്തിയ രണ്ടാം വർഷ ബി.എ അഫ്സൽ –ഉൽ–ഉലമ (ആന്വൽ സ്കീം) പാർട്ട് – 1 പരീക്ഷകളുടെ ഫലവും കരട് മാർക്ക് ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമായി ഓൺലൈൻ വിദ്യാർത്ഥികൾ ഫെബ്രുവരി 10 വരെയും ഓഫ്‌ലൈൻ വിദ്യാർത്ഥികൾ ഫെബ്രുവരി 15 വരെ അപേക്ഷിക്കാം

കേരളസർവകലാശാല 2020 ജനുവരി മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 10 വരെ അപേക്ഷിക്കാം.

### കേരള സർവ്വകലാശാലയിൽ ഓൺലൈൻ മസ്റ്ററിംഗ് (ജീവൻ പ്രമാൺ) സംവിധാനം നിലവിൽ വന്നു.

കേരള സർവ്വകലാശാലയിലെ പെൻഷൻകാർക്കും, ഫാമിലി പെൻഷൻകാർക്കും ജീവൻ പ്രമാൺ പോർട്ടൽ വഴി, ഓൺലൈനായി ആയി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാനുള്ള സംവിധാനം നിലവിൽ വന്നു. ഇതിൻപ്രകാരം പെൻഷണർക്ക് സർവ്വകലാശാലയിൽ നേരിട്ടു ഹാജരാകാതെ തന്നെ ഓൺലൈൻ ആയി മസ്റ്ററിംഗ് നടത്താവുന്നതാണ്. അക്ഷയകേന്ദ്രം/post office/ജനസേവനകേന്ദ്രം എന്നിവിടങ്ങളിൽ ഈ സേവനം ലഭ്യമാണ്. അതിനായി പെൻഷണറുടെ പി.പി.ഒ.നമ്പർ, ആധാർ നമ്പർ, മൊബൈൽ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവയുടെ രേഖകൾ

ഒപ്പം കരുതേണ്ടതാണ്. വിശദവിവരങ്ങൾക്ക് സർവ്വകലാശാലാ പെൻഷൻ വിഭാഗവുമായി ബന്ധപ്പെടേണ്ട നമ്പർ – 0471 2386297.

**ഒന്നാം വർഷ ബിരുദ പ്രവേശനം – 2020**
**ജനറൽ/മറ്റ് വിഭാഗങ്ങൾ, കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് – തിരുവനന്തപുരം, കൊല്ലം ആലപ്പുഴ മേഖല – ഫെബ്രുവരി 03, 04 ന്**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. **തിരുവനന്തപുരം, കൊല്ലം മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ഫെബ്രുവരി 03-ാം തീയതിയിലും ആലപ്പുഴ മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ഫെബ്രുവരി 04-ാം തീയതിയിലും നടത്തുന്നതാണ്.**

രാവിലെ 8 മണി മുതൽ 10 മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രജിസ്ട്രേഷനു ശേഷം സ്പോട്ട് അലോട്ട്മെന്റ് രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. മേഖലാടിസ്ഥാനത്തിലുള്ള സെന്ററുകൾ താഴെ പറയുന്നവയാണ്

- തിരുവനന്തപുരം–യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, കാര്യവട്ടം
- കൊല്ലം–എസ് എൻ കോളേജ് കൊല്ലം
- ആലപ്പുഴ – എസ്.ഡി കോളേജ്, ആലപ്പുഴ

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷ യുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.

ഒഴിവുകൾ മനസിലാക്കിയ ശേഷം സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുക. സൈറ്റിൽ നൽകിയിട്ടുള്ള ഒഴിവുകൾക്ക് പുറമെ, സ്പോട്ട് അലോട്ട്മെന്റ് നടക്കുമ്പോൾ നിലവിൽ അഡ്മിഷൻ ലഭിച്ചവർ പുതിയ അഡ്മിഷൻ നേടി മാറുകയാണെങ്കിൽ അങ്ങനെയുള്ള ഒഴിവുകളും (Arising Vacancies) ഈ അലോട്ട്മെന്റ് നടപടിയിൽ നികത്തുന്നതാണ്. നിലവിൽ ഒഴിവ് കാണിച്ചിട്ടില്ലാത്ത കോഴ്സുകളിലും ഇപ്രകാരം Arising Vacancies ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന കാര്യം സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികൾ മനസ്സിലാക്കണം.

നിലവിൽ എയ്ഡഡ് കോളേജുകളിൽ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കും അന്നേ ദിവസം തന്നെ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളുടെയും കോഴ്സുകളുടെയും വിവരം വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവർക്കും സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുത്ത് അഡ്മിഷൻ ഉറപ്പായെങ്കിൽ മാത്രമേ നിലവിൽ അഡ്മിഷൻ എടുത്ത കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും തിരിച്ചു വാങ്ങാൻ പാടുള്ളൂ. അവർ സ്പോട്ട് അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച പ്രിന്റ് ഔട്ട്, കോളേജിലെ തിരിച്ചറിയൽ കാർഡ് എന്നിവ ഹാജരാക്കണം. ഇത് വരെ അഡ്മിഷൻ നേടാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്നവരുടെ കൈവശം യോഗ്യതയും ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. അലോട്ട്മെന്റ് ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

**സ്പോട്ട് അലോട്ട്മെന്റിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒരു സീറ്റ് സ്വീകരിച്ചാൽ യാതൊരു കാരണവശാലും അത് മാറ്റി നൽകുന്നതല്ല.** സ്പോട്ട് അലോട്ട്മെന്റ് രണ്ടു കേന്ദ്രങ്ങളിൽ ഒരേ സമയം നടക്കുന്നതിനാൽ വിദ്യാർത്ഥിക്ക് ഒരു പ്രതിനിധിയെ ഒരു കേന്ദ്രത്തിലേക്ക് അയക്കാവുന്നതാണ്. ആയതിനാൽ രണ്ടു കേന്ദ്രങ്ങളിൽ നിന്നും അലോട്ട്മെന്റ് സ്വീകരിക്കാതിരിക്കാൻ വിദ്യാർത്ഥി പ്രത്യേകം ശ്രദ്ധിക്കുക.

**കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയവ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു**

## ഒന്നാം വർഷ ബി.എഡ് പ്രവേശനം - 2020
## ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് - - ഫെബ്രുവരി 05 ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ കെ.യു.സി.ടി.ഇ കോളേജുകളിൽ ഒന്നാം വർഷ ബി.എഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് കൊല്ലം, എസ് എൻ കോളേജിൽ ഫെബ്രുവരി 05-ാം തീയതിയിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

സ്പോട്ട് അലോട്ട്മെന്റ് രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.

കോളേജുകളിലെ ഓരോ കോഴ്സുകളുടെയും കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ മനസിലാക്കിയ ശേഷം സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുക. സൈറ്റിൽ നൽകിയിട്ടുള്ള ഒഴിവുകൾക്ക് പുറമെ, സ്പോട്ട് അലോട്ട്മെന്റ് നടക്കുമ്പോൾ നിലവിൽ അഡ്മിഷൻ ലഭിച്ചവർ പുതിയ അഡ്മിഷൻ നേടി മാറുകയാണെങ്കിൽ അങ്ങനെയുള്ള ഒഴിവുകളും (Arising Vacancies) ഈ അലോട്ട്മെന്റ് നടപടിയിൽ നികത്തുന്നതാണ്. നിലവിൽ ഒഴിവ് കാണിച്ചിട്ടില്ലാത്ത കോഴ്സുകളിലും ഇപ്രകാരം ആൃശശിഴ ്മരമിരശലെ ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന കാര്യം സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികൾ മനസ്സിലാക്കണം.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവർക്കും സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുത്ത് അഡ്മിഷൻ ഉറപ്പായെങ്കിൽ മാത്രമേ നിലവിൽ അഡ്മിഷൻ എടുത്ത കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും തിരിച്ചു വാങ്ങാൻ പാടുള്ളൂ. നിലവിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോ, കോളേജിലെ തിരിച്ചറിയൽ കാർഡ് എന്നിവ ഹാജരാക്കണം. ഇത് വരെ അഡ്മിഷൻ നേടാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്നവരുടെ കൈവശം യോഗ്യതയും ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. അലോട്ട്മെന്റ് ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 230 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1130 രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയവ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക്

വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു. അലോട്ട്മെന്റ് ലഭിച്ചവർ അപ്പോൾ തന്നെ ഹാൾ വിട്ട് പുറത്തു പോകേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

തിരുവനന്തപുരം.
01.02.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**


**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**